# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2055

## 16-08-2017 ൽ മറുപടിക്ക്

## ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ യോഗങ്ങളിൽ വികസനപ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | കിഫ്ബി പദ്ധതികളുടെ മുൻഗണന നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ 6 എഫ് വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രസ്തുത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു. വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതും സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. കിഫ്ബി ധനസഹായത്തിനായി പദ്ധതികൾ സമർപ്പിക്കേണ്ട മാനദണ്ഡങ്ങൾ 8.8.2016 ലെ സ.ഉ.(കൈ)നം. 315/16/ധന ഉത്തരവു പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന പദ്ധതികളിൽ ടി സ.ഉ. പ്രകാരം യോഗ്യമായവയെയാണ് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ഇവയുടെ മുൻഗണന നിശ്ചയിക്കുന്നത് സർക്കാരാണ്. |
| (ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ഡി.പി.ആർ സമർപ്പിച്ചിട്ടുള്ള കൊല്ലകടവ്-കുളനട, ഹരിപ്പാട് -ഇലഞ്ഞിമേൽ മാന്നാർ - വീയപുരം റോഡുകളുടെ നിർമ്മാണം സംബന്ധിച്ച് കിഫ്ബി യോഗത്തിൽ എന്ത് തീരുമാനം എടുത്തു എന്ന് വിശദീകരിക്കുമോ; | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ കൊല്ലകടവ്-കുളനട റോഡു പദ്ധതിക്കായി ഡി.പി.ആർ കിഫ്ബി യിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനയിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് അവ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി യോട് നിർദ്ദേശിച്ചിട്ടുണ്ട്. ഹരിപ്പാട്- |

| | |
|---|---|
| | ഇലഞ്ഞിമേൽ റോഡ്, മാന്നാർ - വീയപുരം റോഡുകളുടെ നിർമ്മാണ പദ്ധതിയുടെ പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അവയുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി വരുന്നു. |
| (സി) ഈ റോഡുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | കൊല്ലക്കടവ്-കുളനട റോഡു പദ്ധതിയുടെ ഡി.പി.ആർ. ന്യൂനതകൾ പരിഹരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന പക്ഷവും ഹരിപ്പാട്-ഇലഞ്ഞിമേൽ റോഡ്, മാന്നാർ - വീയപുരം റോഡു പദ്ധതികൾ എന്നിവയുടെ സൂക്ഷ്മ പരിശോധനക്കു ശേഷവും വരും കിഫ് ബോർഡ് യോഗങ്ങളിൽ സമർപ്പിക്കപ്പെടുന്നതും അംഗീകാരത്തിനു വിധേയമായി എസ്.പി.വി.യ്ക്ക് പദ്ധതിയുടെ നിർവ്വഹണം ആരംഭിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**